**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **29-08-2022 - ൽ മറുപടിയ്ക്ക്**

**മൃഗചികിത്സ സേവനങ്ങൾ വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗചികിത്സ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | **മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ സർജറി യൂണിറ്റുകൾ മുതലായ സേവനങ്ങൾ കൂടി ഉൾപ്പെടുത്തി സേവനം കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.**<br><br>**പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 13 ജില്ലകളിൽ ആമ്പുലേറ്ററി സർവ്വീസ് പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇതേ മാതൃകയിൽ കണ്ണൂർ, എറണാകുളം ജില്ലകളിൽ റീബിൽഡ് കേരളയുടെ സഹായത്തോടെ ഓരോ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയത് പ്രകാരം ആദ്യ ഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ "ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ" പദ്ധതിയുടെ കീഴിലുള്ള മൊബൈൽ യൂണിറ്റ് പദ്ധതിയിൽ 29 വെറ്ററിനറി യൂണിറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി** |

| | | | |
|---|---|---|---|
| | | | വാഹനം വാങ്ങി ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. RKVY പദ്ധതിയുടെ കീഴിൽ 3 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ സ്ഥാപിച്ച് കഴിഞ്ഞു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ തന്നെ 12 അധിക യൂണിറ്റുകൾ കൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. 123 ഇലക്ട്രിക് വാഹനങ്ങൾ കൂടി രാത്രികാല സേവനത്തിനായി ലഭ്യമാക്കുന്നതിനായുള്ള ഫണ്ട് കണ്ടെത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു.<br><br>Augmenting Professional Services in Veterinary Clinical Institutions എന്ന പദ്ധതിയ്ക്ക് കീഴിൽ 38 ജൂനിയർ റസിഡന്റുമാരെ (പുതുതായി പഠിച്ചിറങ്ങിയ വെറ്ററിനറി ബിരുദധാരികളെ) വിവിധ മൃഗാശുപത്രികളിൽ സേവനത്തിനായി നിയമിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ